**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1447** **11-09-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് നിലവിൽ അനുവദിക്കുന്ന തുക നിശ്ചയിച്ചത് എന്നാണെന്ന് അറിയിക്കുമോ; | (എ) | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് മൂന്ന് വ്യത്യസ്ത സ്ലാബുകളിൽ തുക അനുവദിക്കുന്ന സമ്പ്രദായം നിലവിൽ വന്നത് 2016 സെപ്റ്റംബർ 5 നാണ്. |
| (ബി) | ഉച്ചഭക്ഷണ പദ്ധതിക്കായി ഇപ്പോൾ നൽകി വരുന്ന ധനസഹായം വർദ്ധിപ്പിച്ച് നൽകേണ്ടതാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്ക്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുക്കുമ്പോൾ നിലവിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നുണ്ട്. പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ഉച്ചഭക്ഷണ പദ്ധതിയിൽ ഒൻപത് മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള വിദ്യാർത്ഥികളെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഉച്ചഭക്ഷണ പദ്ധതിയിൽ ഒൻപത് മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ